**പോലീസ് വകുപ്പ്**

**കേരളം**

# PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി**

**സാന്നിദ്ധ്യം : വേണുഗോപാൽ കെ ബി**

വിഷയം : മംഗളപത്രം പ്രൌഢമായി അച്ചടിച്ച്, ലാമിനേറ്റ് ചെയ്ത് നൽകുന്നത് സംബന്തിച്ച്

സൂചന : ഇല്ല

**ഉത്തരവ് നമ്പർ : A7-481/2018/ID തീയതി. 04-06-2018**

പോലീസ് വകുപ്പിലെ എക്സിക്യൂട്ടീവ് / മിനിസ്റ്റീരിയൽ ജീവനക്കാർ സർവീസിൽ നിന്നും വിരമിക്കുമ്പോൾ തങ്ങളുടെ സ്തുത്യർഹ സേവനം പരിഗണിച്ചുകൊണ്ടു ജില്ല പോലീസ് മേധാവി നൽകുന്ന മംഗളപത്രം പ്രൌഢമായി അച്ചടിച്ച്, ലാമിനേറ്റ് ചെയ്ത് യാത്രയയപ്പ നൽകുന്നത് ഉചിതമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇനിമുതൽ ഈ ജില്ലയിൽ സർവീസിൽ നിന്നും വിരമിക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ഇപ്രകാരം മംഗള പത്രം തയ്യാറാക്കി നല്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ആയതിനാൽ സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് യാത്രയയപ്പ് വേളയിൽ ലാമിനേറ്റ് ചെയ്ത മംഗളപത്രം ലഭ്യമാക്കുന്നതിനായി ഇടുക്കി ജില്ലാ സായുധ സേന ക്വാർട്ടർ മാസ്റ്ററെ ചുമതലപ്പെടുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇക്കാര്യത്തിലേക്കായി ചിലവിടുന്ന തുക ഓഫീസ് എക്സ്പെൻസിൽ നിന്നും വകയിരുത്തുന്നതാണ്.

04-06-2018

വേണുഗോപാൽ കെ ബി,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ഇടുക്കി ജില്ലാ സായുധ സേന ക്വാർട്ടർ മാസ്റ്റർക്ക്. ഇടുക്കി ജില്ലാ പോലീസ് ഓഫീസിലെ A7 സെക്ഷനിൽ നിന്നു വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരം മംഗള പത്രം തയ്യാറാക്കി സെക്ഷനിൽ എത്തിക്കേണ്ടതാണ്. ആയതിന്റെ ബിൽ, വൌച്ചർ എന്നിവ E1 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

പകർപ്പ് : ഇ 1 സെക്ഷന് ഉചിത നടപടികൾക്കായി

A7-481/2018/ID

c55d76